# പതിനാലാം കേരള നിയമസഭ

–

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3489 14.03.2017- ൽ മറുപടിയ്ക്ക്

## പ്രവാസികൾക്ക് നല്കിയ വായ്പ

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
| എ) പ്രവാസികൾക്ക് വിവിധ ബാങ്കുകൾ നല്കിയ വായ്പകളുടെ വ്യവസ്ഥകൾ ബാങ്കുകൾ ലംഘിച്ച് വായ്പാക്കാരെ ബുദ്ധിമുട്ടിക്കുന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) പ്രവാസി പുനരധിവാസ പദ്ധതിയായ NDPREM പദ്ധതി കാനറാ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകളുമായി സഹകരിച്ച് നോർക്ക-റൂട്ട്സ് ആണ് നടപ്പാക്കി വരുന്നത്. മേൽ പറഞ്ഞ ബാങ്കുകളുമായി ഒപ്പ് വെയ്ക്കപ്പെട്ട ധാരണാ പത്രം പ്രകാരം റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായിട്ടാണ് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി തിരികെയെത്തിയ പ്രവാസികൾക്ക് സൗകര്യപ്രദമായ ബ്രാഞ്ചു കളിൽ നിന്ന് ബാങ്കുകൾ വായ്പ അനുവദിക്കുന്നത്. ചില അവസരങ്ങളിൽ മേൽ പറഞ്ഞ ബാങ്കുകളുടെ ചില ശാഖകൾ ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |

(മറുപുറം)

| | | | |
|---|---|---|---|
| ബി) | നോർക്ക വകുപ്പിന്റെ NDPREM പദ്ധതി പ്രകാരം കാനറാ ബാങ്കിന്റെ പെരിന്തൽമണ്ണ ശാഖയിൽ നിന്നും അനുവദിച്ച വായ്പയുടെ തിരിച്ചടവ് വ്യവസ്ഥകൾ ബാങ്ക് ലംഘിക്കുന്നതായി കാണിച്ച് മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിൽ ശ്രീ. മുഹമ്മദ് സാദിഖ്, ചാത്തല്ലൂർ ഹൗസ്, ജെ.എൻ റോഡ് എന്നയാൾ സമർപ്പിച്ച പരാതി നോർക്ക വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതിയിന്മേൽ വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച് പരാതിക്കാരനെ വിവരം അറിയിച്ചിട്ടുണ്ടോ ; | ബി) യും സി) യും | ശ്രീ. മുഹമ്മദ് സാദിഖ് എന്ന വ്യക്തിയുടെ പരാതി കണക്കിലെടുത്ത് പെരിന്തൽമണ്ണ, കാനറ ബാങ്കിലേക്ക് റിപ്പോർട്ട് ആവശ്യപ്പെട്ട് 13.02.2017 ന് നോർക്ക-റൂട്ട്സിൽ നിന്നും കത്ത് അയക്കുകയും പരാതിക്കാരനെ ഫോണിൽ ബന്ധപ്പെട്ട് വിവരങ്ങൾ കൈമാറുകയും ചെയ്തിട്ടുണ്ട്. ബാങ്കിൽ നിന്നും റിപ്പോർട്ട് ലഭ്യമായ ശേഷം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| സി) | പ്രസ്തുത പരാതി പരിഹരിക്കുന്നതിന് വകുപ്പ് അടിയന്തിര നടപടി സ്വീകരിച്ച് വിവരം പരാതിക്കാരനെ അറിയിക്കുന്നതിനും ബാങ്കുകളുടെ ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ